LIBRARY ARCHIVES Kerala Legislative Assembly

പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ വീട് നിർമ്മിക്കുന്ന പദ്ധതി

175 (6626) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണച്ചെലവ് ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.യുടെ ഒരു ഉപോത്പന്നമായ GFRG (ഗ്ലാസ് ഫൈബർ റീ-ഇൻഫോഴ്സ്ഡ് ജിപ്സം) പാനലുകൾ മദ്രാസ് ഐ.ഐ.റ്റി.യുടെ സാങ്കേതിക സഹായത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ സാങ്കേതിക വിദ്യ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിന്റെ തുടക്കമായി ബോർഡ് നടപ്പിലാക്കി വരുന്ന പോസ്റ്റാനികരെ സാഫല്യം ഭവന പദ്ധതി ഈ വിദ്യയിലൂടെയാണ് നിർമ്മിക്കുന്നത്.

കെട്ടിട നിർമ്മാണ മേഖലയിൽ പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിലുള്ള നിർമ്മാണ പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നിരവധി ഉപോത്പന്നങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉല്പാദനശാലകളിൽ നിർമ്മിച്ചുവരുന്നുണ്ട്.

മണൽ ഇറക്കുമതി

176 (6627) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽകൊണ്ടുവരുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ) ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ കൊണ്ടുവരുന്ന മണൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) രൂക്ഷമായ മണൽക്ഷാമം പരിഹരിക്കുന്നതിന് മറ്റു രാജ്യങ്ങളിൽ നിന്ന് മണൽ ഇറക്കുമതി ചെയ്യാനുള്ള അനുമതി നിർമ്മിതി കേന്ദ്രത്തിന് നൽകാനുദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 4-3-2014-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാ.ധാ.) നമ്പർ 31/2014/ഭവനം പ്രകാരം കേരളത്തിന് പുറത്തുനിന്നുള്ള മണൽ സംഭരിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാണ വസ്തുക്കളുടെ ന്യായവില വിപണനകേന്ദ്രമായ കവററകൾ വഴി പൊതുവിപണിയിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ, സംഭരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല.

"പുതിയ വ്യവസായ നയം"

177 (6628) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) നയം എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കരട് വ്യവസായ നയം തയ്യാറാക്കിയിട്ടുണ്ട്. അതിന്മേൽ വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നുവരികയാണ്.

(ബി) എല്ലാ മേഖലയിലും വിദേശീയവും സ്വദേശീയവുമായ നിക്ഷേപ പ്രോത്സാഹനവും മാനവവിഭവശേഷി വികസനവും വഴി കൂടുതൽ സ്ഥാപനങ്ങൾ വികസിപ്പിച്ച് തൊഴിൽ ഉൽപ്പാദനവും കയറ്റുമതിയും അതിലൂടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly